**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് - സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്.

സൂചന. ശ്രീ.കാസിം, മാട്ടുമന്ത, നല്ലേപ്പിള്ളി എന്നയാൾ നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 30.01.2024</u>**

മേൽ സൂചന പ്രകാരം ശ്രീ. കാസിം, മാട്ടുമന്ത, നല്ലേപ്പിള്ളി എന്നയാൾ നവകേരളസദസ്സ് മുഖേന നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ SAW MILL നടത്തുന്നതിനുള്ള ലൈസൻസ് അനുവദിച്ചില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം പ്രസ്തുത സ്ഥാപനം നടത്തുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം പഞ്ചായത്ത് അസസ്സ്മെന്റ് രേഖകളിൽ നിന്നും അധികരിച്ചിരിക്കുന്നതിനാൽ ആയത് ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷ നൽകുന്നതിന് അപേക്ഷകനെ അറിയിപ്പ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്ലാൻ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. പഞ്ചായത്ത് അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തൃതി 74. ച.മീ ആണ്. എന്നാൽ സമർപ്പിച്ച പ്ലാൻ പ്രകാരം 389.76 ച.മീ ആണ്.

കെ.പി.ബി.ആർ 2019 പ്രകാരം മരംഅറവ്മില്ലുകൾ ഗ്രൂപ്പ് I- Hazardous Occupancy ൽ ഉൾപ്പെട്ടതിനാൽ ഫയർ & സേഫ്റ്റി വകുപ്പ്, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ജില്ലാ ടൗൺ പ്ലാനർ, എന്നിവരുടെ നിരാക്ഷേപ സാക്ഷ്യപത്രം, ചട്ടം 26 ടേബിൾ 4 പ്രകാരം നാല് വശത്തും 7.5 മീ അകലം, ചട്ടം 34(3) ടേബിൾ 3 പ്രകാരം ടോയ്ലറ്റ് സൗകര്യം എന്നിവ പാലിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സ്ഥലം നേരിൽ സന്ദർശിച്ചു. ഫയൽ പരിശോധിച്ചു. ഇതിനു മുമ്പ് കൈമാറ്റം നടത്തിയ 2 ആധാരങ്ങളിലും കെട്ടിടത്തിന്റെ വിസ്തീർണം പഞ്ചായത്തിൽ രേഖപ്പെടുത്തിയതിനേക്കാൾ വളരെ കൂടുതലാണ്. ആയതിനാൽ കെട്ടിടനിർമാണം നടത്തിയത് KPBR ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനു മുമ്പാണോ എന്ന് പരിശോധിച്ച് ആണെങ്കിൽ പഞ്ചായത്തിലെ രേഖകളിൽ ആവശ്യമായ മാറ്റം വരുത്തി, 22/03/2023 ലെ സ. ഉ. (കൈ) നം. 77/2023 ലെ നിബന്ധനകൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം കെട്ടിടനമ്പർ കൃത്യമാക്കി നികുതി സ്വീകരിച്ചോ, സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന് പ്രത്യേകം ചട്ടം പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതു പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അത് ചട്ട പ്രകാരം

പരിശോധിച്ചോ, ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

കെ സതീഷ്കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : . ശ്രീ.കാസിം, മാട്ടുമന്ത, നല്ലേപ്പിള്ളി